# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **1060**

05/03/2018-ൽ
മറുപടിയ്ക്ക്

## കരുനാഗപ്പള്ളി - തഴവ ഗവൺമെന്റ് കോളേജിലെ ജീവനക്കാരുടെ നിയമനം

**ചോദ്യം**

**മറുപടി**

ശ്രീ.ആർ.രാമചന്ദ്രൻ :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി - തഴവ ഗവൺമെന്റ് കോളേജിൽ അധ്യാപകർ, പ്രിൻസിപ്പൽ, അനധ്യാപക ജീവനക്കാർ തുടങ്ങിയ ഒരു വിഭാഗത്തിലും പെട്ട ജീവനക്കാരെ നിയമിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുകൂലമായിരുന്നില്ല. എന്നിരുന്നാലും അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലാബ്, ലൈബ്രറി എന്നിവ ക്രമീകരിക്കുന്ന മുറയ്ക്ക് ലാബ്/ലൈബ്രറി അറ്റൻഡർമാരേയും സ്വീപ്പർ, സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിലേയ്ക്കും കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | കോളേജിന്റെ പ്രവർത്തനം ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതിന്റെ കാരണമെന്തെന്ന് വിശദീകരിക്കുമോ; | | |
| (സി) | ഈ കോളേജിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**